**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5112** **20-03-2025 - ൽ മറുപടിയ്ക്ക്**

**വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ ഒഴിവാക്കി പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് 18/08/2000-ൽ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയിൽ നിന്നും 10 ഏക്കർ സഹകരണ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് വേണ്ടി 07/05/2013-ലും, 63.73 ഏക്കർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് വേണ്ടി 03/06/2013-ലും പൊതു ആവശ്യത്തിന് സംവരണം ചെയ്ത് ലാൻഡ് ബോർഡിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ലാൻഡ് ബോർഡ് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള സി.ആർ.പി (എൽ.ആർ) 44/2013 നമ്പർ കേസിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പതിവ് നടപടികൾക്ക് സ്റ്റേ നിലവിലുള്ളതിനാൽ ഭൂമി പതിച്ചുകൊടുക്കുവാൻ സാധിച്ചിട്ടില്ല.<br><br>ടി കേസിൽ സർക്കാരിന് വേണ്ടി എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. കേസ് നിലവിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതിയുടെ നിർദ്ദേശമനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ